# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം: 438

05.02.2014 -ൽ മറുപടി നൽകേണ്ടത്

### മരണ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. എം. എ. വാഹീദ് :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. വി. റ്റി. ബൽറാം : | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാരിന്റെ കാലത്ത് മരണ രജിസ്ട്രേഷൻ സ്വന്തം നാട്ടിൽ നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) മറ്റു സ്ഥലങ്ങളിൽ മരണം നടക്കുകയും ശവസംസ്കാരം സ്വന്തം സ്ഥലത്ത് നടത്തുകയും ചെയ്യുന്ന കേസുകളിൽ മരണം സ്വന്തം സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിനുണ്ടാകുന്ന തടസ്സം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനന മരണ രജിസ്ട്രാറുടെ അധികാര പരിധിയ്ക്ക് പുറത്താണ് മരണം നടന്നതെങ്കിൽ മരണം നടന്ന സ്ഥലത്ത് 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് പ്രകാരം പ്രസ്തുത മരണം രജിസ്റ്റർ ചെയ്തിട്ടില്ല എങ്കിൽ ടി ആക്ടിലെ 8, 9 വകുപ്പുകൾ പ്രകാരം മരണം നടന്ന സ്ഥലത്ത് നിന്ന് ലഭിയ്ക്കുന്ന വിവരങ്ങൾ ചേർത്ത് ജനന-മരണ രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതാണ് എന്ന് 16-10-2012 -ലെ 18161/ആർഡി3/12/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.<br>എന്നാൽ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 20 ൽ ഇന്ത്യയ്ക്ക് പുറത്ത് നടന്നിട്ടുള്ള ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 1955-ലെ സിറ്റിസൺസ് ആക്ട് പ്രകാരം വിദേശത്തു നടന്ന ഇന്ത്യൻ പൗരൻമാരുടെ മരണം ഇന്ത്യൻ കോൺസുലേറ്റുകളിൽ രജിസ്റ്റർ ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. വിദേശത്തു നടന്ന മരണം സ്വന്തം നാട്ടിൽ രജിസ്റ്റർ ചെയ്യുന്നതിനു ഇ ൗ സർക്കുലർ പ്രകാരം കഴിയില്ല. |
| (ബി) ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം : | (ബി) മറ്റു സ്ഥലങ്ങളിൽ മരണം നടക്കുകയും ശവസംസ്കാരം സ്വന്തം സ്ഥലത്ത് നടത്തുകയും ചെയ്യുന്ന കേസുകളിൽ മരണം ശവസംസ്കാരം നടന്ന സ്ഥലത്ത് രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ 16-10-2012 -ലെ 18161/ആർഡി3/12/തസ്വഭവ |

നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | മരണ രജിസ്ട്രേഷൻ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് ആരംഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) | മറ്റു സ്ഥലങ്ങളിൽ മരണം നടക്കുകയും ശവസംസ്കാരം സ്വന്ത സ്ഥലത്ത് നടത്തുകയും ചെയ്യുന്ന കേസുകളിൽ മരണം നടന്ന സ്ഥലത്ത് നിന്നും ലഭിക്കുന്ന വിവരങ്ങൾ ചേർത്ത് ജനന മരണ രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (ഡി) | ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | |

സെക്ഷൻ ഓഫീസർ